ഹദീസ്

**അബ്ദുല്ലത്വീഫ് കൊടുവള്ളി**

# ഇതര സമൂഹങ്ങളുടെയും നന്മകൾ വിലമതിക്കുക

عَنْ مُوسَى بْن عَلي عَن أَبِيه قَالَ، قَالَ الْمُسْتَوْرَد القرشِي عِنْدَ عمرو بْن الْعَاص سَمِعْتُ رَسُول الله صَلى اللهُ عَلَيْهِ وَسَلم يقُول: تَقُومُ الساعَة وَالروم أَكْثَرَ الناس. فقَالَ لَهُ عمرو: أَبْصر مَا تقُول. قَالَ: أَقُول مَا سَمِعْت مِن رَسُول الله صَلى اللهُ عَلَيْهِ وَسَلم، قَالَ: لَئِن قلْت ذَلِك إِن فِيهم لَخصَالا أَرْبَعا. إِنهُم لأحلم الناس عِنْد فِتْنَة، وَأَسْرعهم إِفَاقَة بَعْدَ مصِيبَة، وَأوشكهم كرة بَعد فرة، وَخيرهم لَمسكين وَيَتِيم وَضَعِيف، وَخَامِسَة حسنَة جَمِيلَة وَأَمنَعهم مِن ظلم المُلُوك.

**മൂസബ്നു അലി തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. മുസ്തൗരിദുൽ ഖുറശി അംറുബ്നുൽ ആസ്വിന്റെ സമീപം വെച്ച്, നബി(സ) താഴെ പ്രസ്താവന നടത്തിയത് താൻ കേട്ടതായി പറയുകയുണ്ടായി: 'ലോകാവസാനം സംഭവിക്കുമ്പോൾ ജനങ്ങളിൽ കൂടുതലും റോമക്കാരായിരിക്കും.' അപ്പോൾ അംറ് പറഞ്ഞു: 'എന്താണ് നിങ്ങൾ പറയുന്നതെന്ന് നന്നായി ആലോചിക്കണം.' മുസ്തൗരിദ് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതനിൽനിന്ന് കേട്ടതാണ് ഞാൻ പറയുന്നത് .' അംറ്: 'നിങ്ങൾ അങ്ങനെ പറയുകയാണെങ്കിൽ, റോമക്കാരിൽ നാലു സവിശേഷ കാര്യങ്ങളുണ്ട്: പരീക്ഷണത്തിൽ ഏറ്റവും വിവേകം പുലർത്തുന്നവരാണവർ, ആപത്തിനു വിധേയരായാൽ എത്രയും വേഗം ജാഗരൂകരാവുന്നവരാണവർ, യുദ്ധത്തിൽ നിന്ന് ഓടിപ്പോയ ശേഷം ആക്രമിക്കുന്നവരാണവർ, സാധുവിനോടും അനാഥനോടും ദുർബലനോടും ഏറ്റവും നന്നായി പെരുമാറുന്നവരാണവർ. അവരുടെ അഞ്ചാമത്തെ കാര്യം, നല്ലതും സുന്ദരവുമാണ്. അതായത്, രാജാക്കന്മാരുടെ അക്രമത്തിൽനിന്ന് ജനങ്ങളെ തടയുന്നവരുമാണവർ' (മുസ്‌ലിം).**

ഖത്തറിൽ ലോക കപ്പ് ഫുട്ബോൾ മത്സരങ്ങൾ അരങ്ങേറിയപ്പോൾ, സാർവലൗകിക മാനുഷിക മൂല്യങ്ങൾ അനുഭവിക്കാനുള്ള ഒട്ടേറെ അവസരങ്ങളൊരുക്കുകയുണ്ടായി സംഘാടകർ. ചില രാജ്യങ്ങളിലെ വർഗീയ-വംശീയ വെറിയന്മാരെ അത് അസ്വസ്ഥപ്പെടുത്തുക കൂടി ചെയ്തിരുന്നു. ചില കളിക്കാരെ അത്യന്തം ഹീനമായ രീതിയിൽ വംശീയമായി അധിക്ഷേപിക്കുന്നതിനും നാം സാക്ഷികളായി. തങ്ങളുടേതല്ലാത്ത മത-വംശീയ വിഭാഗങ്ങളുടെ നേരെയുള്ള വിദ്വേഷമാണ് അവർ ഛർദിച്ചത്. ഇത്തരുണത്തിൽ, ഇതര ആശയ വിശ്വാസികളുടെയും സാംസ്കാരിക വിഭാഗങ്ങളുടെയും നന്മകളെ മുസ്‌ലിംകൾ എങ്ങനെ സൃഷ്ടിപരമായി വിലയിരുത്തിയെന്നും മാതൃകയാക്കിയെന്നും പഠിപ്പിക്കുന്നതാണ് മേൽ നബിവചനം.

ശത്രുക്കളിൽ പോലും നന്മകൾ കാണാനാകുമെന്നും, അവ വിലമതിക്കണമെന്നും നബി(സ) അനുയായികളെ ഉണർത്താറുണ്ടായിരുന്നു. ഹുദൈബിയാ സന്ധിവേളയിൽ സംഭാഷണത്തിനു വന്ന ശത്രുനേതാവ് സുഹൈലുബ്നു അംറിനെ നോക്കി 'നിങ്ങളുടെ കാര്യം സുഗമമായി' എന്ന്, ശുഭ സൂചകമായി എന്ന് സ്വഹാബികളോട് നബി(സ) പറയുകയുണ്ടായി. ശത്രുവെങ്കിലും സുഹൈലിന്റെ നല്ല സ്വഭാവഗുണങ്ങളെ അവിടുന്ന് മതിച്ചു.

ഉഹുദ്, ഖന്ദഖ്, ഹുദൈബിയ ഉൾപ്പെടെ ഒട്ടേറെ രംഗങ്ങളിൽ മുസ്‌ലിംകൾക്ക് കനത്ത ഭീഷണിയായിരുന്ന ഖാലിദുബ്നുൽ വലീദിനെക്കുറിച്ച് നബി(സ) പറഞ്ഞത്, 'ഖാലിദിനെ പോലൊരാൾക്ക് ഇസ്‌ലാം അറിയാതെ പോവില്ല. അദ്ദേഹത്തിന്റെ ഉത്സാഹവും പരിശ്രമവും ബഹുദൈവ വിശ്വാസികൾക്കെതിരായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു, നാം അദ്ദേഹത്തെ മറ്റുള്ളവരെക്കാൾ പരിഗണിക്കുമായിരുന്നു' എന്നാണ്. ബഹുദൈവ വിശ്വാസിയായിരുന്ന ലബീദുബ്നു റബീഅയുടെ ഒരു കവിതയെക്കുറിച്ച് 'ഒരു കവി പറയാവുന്ന ഏറ്റവും സത്യസന്ധമായ വചനം' എന്നായിരുന്നു നബി(സ)യുടെ പ്രതികരണം. പേർഷ്യൻ ചക്രവർത്തിയുടെ സമീപരാജ്യത്ത് താമസിക്കുന്നവർ എന്ന നിലയിൽ ഭയസാഹചര്യമുള്ളതിനാൽ താങ്കളിൽ വിശ്വസിക്കാൻ തങ്ങൾക്ക് പ്രയാസമുണ്ടെന്നു പറഞ്ഞ ശൈബാൻ വംശജരോട്, 'ഇസ്‌ലാമിനെ സമഗ്ര തലങ്ങളിൽ മനസ്സിലാക്കുന്നവർക്കേ അത് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ, നിങ്ങൾ പറഞ്ഞത് സത്യമാണ്' എന്ന് നബി(സ) പ്രതികരിച്ചതും ഉദാഹരണം. അബ്സീനിയയിലെ ക്രൈസ്തവനായ ചക്രവർത്തി നജ്ജാശിയെ നീതിമാനെന്നും, അബ്സീനിയയെ സത്യത്തിന്റെ നാടെന്നും വിശേഷിപ്പിച്ചതും ഇതര മത വിഭാഗങ്ങളെ എങ്ങനെ ആദരപൂർവം കാണണമെന്ന് പഠിപ്പിക്കുന്നു.

ലോകാവസാന വേളയിൽ റോമക്കാരായിരിക്കും അഥവാ പാശ്ചാത്യ ക്രൈസ്തവരായിരിക്കും ലോകജനസംഖ്യയിൽ കൂടുതൽ എന്നതിന്റെ വിവക്ഷ സംഖ്യാപരം തന്നെയാവണമെന്നില്ല, നാനാതലങ്ങളിലെ മികവുകളും ഭൗതികമായ മുൻതൂക്കങ്ങളുമാവാം. റോമക്കാരെക്കുറിച്ച് നബി(സ) പ്രവചിച്ചതായി പറഞ്ഞത്, ആലോചിച്ചു തന്നെയാണോ എന്ന അംറിന്റെ ചോദ്യം ഹദീസുകളുടെ വിഷയത്തിൽ അവർ സ്വീകരിച്ച ജാഗ്രതയുടെ ഭാഗമാണ്.

നബി(സ) പറഞ്ഞതാണെന്ന് ഉറപ്പുവരുത്തിയപ്പോൾ അതിനെ ബലപ്പെടുത്തുന്ന തന്റെ അനുഭവങ്ങൾ അംറുബ്നുൽ ആസ് പങ്കുവെച്ചതാണ് ഹദീസിന്റെ പ്രധാന ഭാഗം. അതിൽ അദ്ദേഹം റോമക്കാരുടെ അഞ്ച് സവിശേഷ ഗുണങ്ങൾ എടുത്തുപറയുന്നു. അതിന്റെയർഥം, അദ്ദേഹം അവരുടെ ആദർശത്തെ അംഗീകരിച്ചു എന്നല്ല. പ്രത്യുത, അവരിലെ സഹജഗുണങ്ങളെ വിലമതിച്ചു എന്നു മാത്രമാണ്. ആ നന്മകൾ അവരെ ലോക നേതൃത്വത്തിലെത്താൻ സഹായിച്ചു. 'അനിസ്ലാമിക ഭരണകൂടം നീതിയിലധിഷ്ഠിതമാണെങ്കിൽ അല്ലാഹു അതിനെ സഹായിക്കും. അതേസമയം, മുസ്‌ലിം രാഷ്ട്രം അക്രമിയാണെങ്കിൽ അല്ലാഹു അതിനെ സഹായിക്കുകയില്ല' എന്ന ഇബ്നു തൈമിയ്യയുടെ പ്രസ്താവന ഇവിടെ ഓർക്കാം.

അന്നത്തെ പാശ്ചാത്യരുമായുള്ള അടുത്ത ഇടപഴക്കത്തിലൂടെയാണ് അംറുബ്നുൽ ആസ് മേൽ സവിശേഷതകൾ മനസ്സിലാക്കിയത്. വ്യക്തികൾ തമ്മിലും സമുദായങ്ങൾ തമ്മിലും അടുത്ത ബന്ധങ്ങളും സമ്പർക്കങ്ങളും ഇല്ലാത്തതും അതുവഴി നിലനിൽക്കുന്ന അജ്ഞതകൾ പെരുകുന്നതുമാണ് നിലവിലെ പല പ്രശ്നങ്ങളുടെയും കേന്ദ്രബിന്ദു എന്ന് മനസ്സിലാക്കി, മറ്റുള്ളവരെ പഠിക്കാനും അവരിലെ നന്മകളെ വിലമതിക്കാനും മുസ്‌ലിംകൾക്ക് ബാധ്യതയുണ്ട്. ●

8086360835